**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1009** **10-06-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ പാർപ്പിട സമുച്ചയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri M. V. Govindan Master<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് മിഷന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് പാർപ്പിട സമുച്ചയങ്ങൾ പണിയുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ലൈഫ് മിഷന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ ചെമ്മനാട് പഞ്ചായത്തിൽ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ചുള്ള ഒരു ഭവന സമുച്ചയമാണ് (44 യൂണിറ്റുകൾ) നിർമ്മാണത്തിലുള്ളത്. ജി + 3 നിലകളുള്ള ടി ഭവനസമുച്ചയത്തിന്റെ രണ്ടാം നിലയുടെ അസംബ്ലിംഗ് വർക്കുകൾ നടന്നുവരുന്നു. 6 കോടി 46 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക. |
| (ബി) | ഇതിൽ ഏതെങ്കിലും സമുച്ചയത്തിന്റെ പണി നിർത്തിവെച്ചിട്ടുണ്ടോ? വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കോവിഡ്-19 മൂലം തൊഴിലാളികളുടെ അഭാവത്താൽ നിലവിൽ നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. |
| (സി) | സമയബന്ധിതമായി പൂർത്തിയാക്കേണ്ട ഇതിന്റെ നിർമ്മാണ പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | 2021 ഒക്ടോബർ 31-ന് മുമ്പ് നിർമ്മാണം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രീഫാബ് ടെക്നോളജി ഉപയോഗിച്ചുള്ള പ്രവർത്തിയായതിനാലും മറ്റ് തടസ്സങ്ങൾ ഇല്ലാത്തതിനാലും നിലവിലുള്ള സാഹചര്യം (കോവിഡ്) മാറുന്ന മുറയ്ക്ക് നിർമ്മാണം പുനരാരംഭിച്ച് ഒക്ടോബർ 31-ന് മുമ്പ് തന്നെ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ